സ്വതന്ത്ര ഏജൻസി രൂപീകരിക്കുന്നതിനുവേണ്ടി "കേരള ലോകായുക്ത് ബിൽ 1998" എന്ന പേരിൽ ഒരു നിയമം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് മുമ്പ് ആവശ്യമായ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

### 23 (*156) കോസ്റ്റൽ, ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് എന്നാണ് രൂപീകരിച്ചത്; ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രധാന ചുമതലകൾ എന്തൊക്കെയാണ്;

(സി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഉൾനാടൻ ജലഗതാഗത ടെർമിനലുകൾക്കായി ഭൂമി എറ്റെടുക്കുന്ന നടപടി പൂർത്തിയായോ;

(ഇ) പശ്ചിമദേശ കനാൽ ദേശീയ ജലപാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 23.5.97-ലെ സ.ഉ.(എം.എസ്)154/97/ജി.എ.ഡി. പ്രകാരമാണ് ഈ വകുപ്പ് രൂപീകരിച്ചത്. ഉൾനാടൻ ജലഗതാഗതം, ജലപാതകളുടെ നിർമ്മാണം, പുനരുദ്ധാരണം, കേരളാ ഷിപ്പിംഗ് ആന്റ് നാവിഗേഷൻ കോർപ്പറേഷന്റെ ഭരണപരമായ ചുമതലകൾ എന്നിവയാണ് ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ.

(ബി) തീരദേശ ജലഗതാഗതത്തിന്റെ വിവിധ സാദ്ധ്യതകൾ ആരായുക, പുതിയ ജലഗതാഗത മാർഗ്ഗങ്ങൾ കണ്ടെത്തി വികസിപ്പിക്കുക, ഉൾനാടൻ ജലഗതാഗത പാതകളെ ദേശീയ ജലപാതയുടെ തലങ്ങളിലേക്ക് വികസിപ്പിക്കുക, കപ്പൽ ഗതാഗത സാദ്ധ്യത കണ്ടെത്തുക, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുക എന്നിവ ഈ വകുപ്പിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നു. ഇതിന്റെ ഭാഗമായി കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ വികസനം, പശ്ചിമതീര കനാലിന്റെ കോവളം മുതൽ നടയറവരെയുള്ള ഭാഗത്തിന്റെ വികസനം, കൊറ്റി-കോട്ടപ്പുറം ഭാഗം ജലഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി, ബേപ്പൂർ-കല്ലായി കനാൽ വികസനം, വടകര-മാഹി കനാലിന്റെ വികസനം എന്നിവയും, ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം, കോട്ടയം-

LIBRARY ARCHIVES Kerala Legislative Assembly

വൈക്കം എന്നീ ജലപാതകളുടെ വികസനം, തേവരയിൽ ഒരു മറൈൻ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ എന്നീ പദ്ധതികൾ ഈ വകുപ്പിന്റെ പരിഗണനയിലുണ്ട്.

(സി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ ആഴവും വീതിയും കൂട്ടുന്നതിനുള്ള നടപടികളും, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ജലഗതാഗത ടെർമിനലുകളുടെ നിർമ്മാണം സംബന്ധിച്ച നടപടികളും എടുത്തു വരികയാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ 11 ഉൾനാടൻ ജലഗതാഗത ടെർമിനലുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിലേക്കാവശ്യമായ ഏകദേശം 13.50 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നുവരികയാണ്. ഭൂമി അക്വയർ ചെയ്യുന്നതിനാവശ്യമായ ഫണ്ട് ഇൻലാന്റ് വാട്ടർ അതോറിറ്റിയാണ് ലഭ്യമാക്കുന്നത്. അക്വിസിഷൻ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ കീഴിൽ ഒരു സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റും കൊല്ലം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ദേശീയ ജലപാതയുടെ ആഴം കൂട്ടുന്നതിനും, വീതി കൂട്ടുന്നതിനുമുള്ള നടപടികളും എടുത്തു വരികയാണ്. ഇതിലേക്കു വേണ്ടി കൊല്ലം ജില്ലയിൽ ഏകദേശം 15.80 ഹെക്ടർ ഭൂമിയും ആലപ്പുഴയിൽ ഏകദേശം 16.90 ഹെക്ടർ ഭൂമിയും അടിയന്തിരമായി ഏറ്റെടുക്കാനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. സ്ഥലമെടുപ്പിന് ഏകദേശം 6.82 കോടി രൂപ IWAI ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ഡി) പൂർത്തിയായിട്ടില്ല. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ സ്ഥലമെടുപ്പ് സംബന്ധിച്ച് 4(1) നോട്ടിഫിക്കേഷനും, ആലപ്പുഴ ജില്ല ഒഴിച്ചുള്ള ഡ്രാഫ്റ്റ് ഡിക്ളറേഷനും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

(ഇ) ഉണ്ട്.

### 24 (*158) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly